# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4720** — 23.07.2015-ൽ മറുപടിക്ക്

### <u>ഭവന പദ്ധതികൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഗൃഹശ്രീ ഭവന പദ്ധതിക്കായി ഇക്കഴിഞ്ഞ 2 വർഷം ബജറ്റ് വിഹിതമായി അനുവദിച്ച തുക എത്രയാണ്; ഇതുപയോഗിച്ച് എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഗൃഹശ്രീ ഭവന പദ്ധതിക്ക് 2013-14 വർഷത്തിൽ 10.50 കോടി രൂപയും 2014-15 വർഷത്തിൽ 14.19 കോടി രൂപയും ബജറ്റ് വിഹിതമായി വകകൊള്ളിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ 525 വീടുകളും, 2014-15 വർഷത്തിൽ 709 വീടുകൾക്കും ഉള്ള സർക്കാർ സബ്സിഡിയായാണ് തുക വകകൊള്ളിച്ചിട്ടുള്ളത്.<br><br>ഗൃഹശ്രീ പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 525 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 525 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30.06.2015-ലെ കണക്കു പ്രകാരം 525 പേർക്ക് ഒന്നാം ഗഡുവും, 512 പേർക്ക് രണ്ടാം ഗഡുവും, 481 പേർക്ക് മൂന്നാം ഗഡുവും, 453 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി പ്രകാരം 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള സ്പോൺസർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 709 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30.06.2015-ലെ കണക്കു പ്രകാരം 507 പേർക്ക് ഒന്നാം ഗഡുവും, 241 പേർക്ക് രണ്ടാം ഗഡുവും, 101 പേർക്ക് മൂന്നാം ഗഡുവും, 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്. |

(ബി) ഭൂരഹിത-ഭവനരഹിതർക്കായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്കായി എത്ര തുകയാണ് 2013-14, 2014-15, 2015-16 ബജറ്റുകളിൽ നീക്കിവെച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏതൊക്കെ സ്ഥലങ്ങളിൽ ഈ പദ്ധതി അനുവദിച്ചിട്ടുണ്ട്; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതിയടക്കം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി) ഉണ്ട്.
ഭൂരഹിത-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് സർക്കാർ സബ്സിഡിയോടുകൂടിയും സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയായ സാഫല്യം ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

സാഫല്യം ഭവന പദ്ധതിയ്ക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2014-15 വർഷത്തിൽ 10 കോടി രൂപയും 2015-16 വർഷത്തിൽ 5 കോടി രൂപയുമാണ് സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

### പദ്ധതിയുടെ വിശദാംശങ്ങൾ

സർവ്വീസസടക്കം 327 ച.അടി വിസ്തീർണ്ണം വരുന്നതും 3.50 ലക്ഷം രൂപ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളതുമായ ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25000/- രൂപ സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ വിഹിതവും 25000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ ഹഡ്കോ വായ്പ സമാഹരിക്കാൻ സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാൽ ടി തുക വഹിക്കാൻ/ലഭ്യമാക്കാൻ തയ്യാറുള്ള പഞ്ചായത്തുകളിൽ മാത്രമേ നിലവിൽ പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാനാവുന്നുള്ളൂ. പദ്ധതിയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികളുടെ ചെലവുകൾ വഹിക്കേണ്ടതും പഞ്ചായത്തുകളാണ്. ബോർഡിന്റെ കൈവശമുള്ള രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലെ ഭൂമിയിൽ ബാക്കിയുള്ള ഭൂമിയിലും പഞ്ചായത്തുകൾ ലഭ്യമാക്കുന്ന ഭൂമികളിലുമാണ് പഞ്ചായത്തിന്റെ സഹകരണം ഉറപ്പാക്കി സാഫല്യം ഭവന പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നത്.

താഴെപ്പറയുന്ന സാഫല്യം ഭവന പദ്ധതികൾ സർക്കാർ അംഗീകാരത്തോടെ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

| | | |
|---|---|---|
| 1 | കൊല്ലം - ചാത്തന്നൂർ സാഫല്യം പദ്ധതി | 48 ഫ്ലാറ്റുകൾ |
| 2 | എറണാകുളം- ചോറ്റാനിക്കര സാഫല്യം പദ്ധതി | 54 ഫ്ലാറ്റുകൾ |
| 3 | തൃശ്ശൂർ - പുതുക്കാട് സാഫല്യം പദ്ധതി | 48 ഫ്ലാറ്റുകൾ |
| 4 | കോഴിക്കോട് - ചേളന്നൂർ സാഫല്യം പദ്ധതി | 66 ഫ്ലാറ്റുകൾ |
| 5 | എറണാകുളം - ഇലഞ്ഞി സാഫല്യം പദ്ധതി | 48 ഫ്ലാറ്റുകൾ |
| 6 | പാലക്കാട് - ലക്കിടി പേരൂർ സാഫല്യം പദ്ധതി | 24 ഫ്ലാറ്റുകൾ |
| 7 | കാസർഗോഡ് - ചെമ്മനാട് സാഫല്യം പദ്ധതി | 24 ഫ്ലാറ്റുകൾ |

<u>മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പുരോഗതി</u>

| | | |
|---|---|---|
| 1 | കൊല്ലം - ചാത്തന്നൂർ സാഫല്യം പദ്ധതി | 30.06.2015 -ന് എല്ലാ പണികളും പൂർത്തീകരിച്ചു. |
| 2 | എറണാകുളം- ചോറ്റാനിക്കര സാഫല്യം പദ്ധതി | 30% പണികൾ പൂർത്തീകരിച്ചു. |
| 3 | തൃശ്ശൂർ - പുതുക്കാട് സാഫല്യം പദ്ധതി | 10% പണികൾ പൂർത്തീകരിച്ചു. |
| 4 | കോഴിക്കോട് - ചേളന്നൂർ സാഫല്യം പദ്ധതി | 66% പണികൾ പൂർത്തീകരിച്ചു. |
| 5 | എറണാകുളം - ഇലഞ്ഞി സാഫല്യം പദ്ധതി | 12.06.2015- ൽ ദർഘാസുകൾ ക്ഷണിച്ചപ്പോൾ ഒരു ദർഘാസ് മാത്രമായതിനാൽ നിരസിക്കുകയും പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | പാലക്കാട് - ലക്കിടി പേരൂർ സാഫല്യം പദ്ധതി | 04.06.2015- ന് ദർഘാസ് ക്ഷണിച്ചപ്പോൾ പ്രതികരണമില്ലാത്തതിനാൽ പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 7 | കാസർഗോഡ് - ചെമ്മനാട് സാഫല്യം പദ്ധതി | പഞ്ചായത്തു വിഹിതം നൽകാമെന്ന് ഏറ്റിരുന്നതിൽ നിന്നും പിന്മാറുകയും ഓരോ ഗുണഭോക്താവിൽ നിന്നും 50,000/- രൂപ വീതം മാത്രമേ നൽകാൻ കഴിയുകയുള്ളു എന്നും പഞ്ചായത്ത് കമ്മിറ്റി അറിയിച്ചു. |